പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3155 15.02.2013-ൽ മറുപടിയ്ക്ക്

## കേന്ദ്ര ചിട്ടി നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കേന്ദ്ര ചിട്ടി നിയമം സംസ്ഥാനത്തെ ചിട്ടിക്കമ്പനികളെ ഏത് തരത്തിൽ ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) | കേന്ദ്ര ചിട്ടി നിയമം നടപ്പിൽ വന്നതിനുശേഷം എല്ലാ ചിട്ടികളും ചിട്ടി അസിസ്റ്റന്റ് രജിസ്ട്രാർ (സബ് രജിസ്ട്രാർ) ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത് മാത്രമേ നടത്താൻ കഴിയുകയുള്ളൂ. ചിട്ടി സലയ്ക്ക് തുല്യമായ തുകയുടെ 50% ക്യാഷ് ഡെപ്പോസിറ്റും 50% ബാങ്ക് ഗ്യാരണ്ടിയും നൽകി മാത്രമേ രജിസ്ട്രേഷൻ നടക്കുകയുള്ളൂ. ആകയാൽ ആക്ടിന് വിധേയമായി ആസ്തിക്കനുസരിച്ച് മാത്രമേ ചിട്ടി നടത്താൻ കഴിയൂ. |
| (ബി) | സംസ്ഥാനത്ത് ചിട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ; ഇതുമൂലം എത്ര നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) | ഇല്ല. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇതുവരെ 372 ചിട്ടികൾ കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ പഴയ ചിട്ടി നിയമം അനുസരിച്ച് ചിട്ടി സലയുടെ 5% ഫീസ് വേണ്ടസ്ഥാനത്ത് ഇപ്പോൾ ഫയലിംഗ് ഫീസായ 10 രൂപ ഉൾപ്പെടെ 760 രൂപ മാത്രമാണ് ഓരോ ചിട്ടിക്കും ഫീസ് ഇനത്തിൽ ലഭിക്കുന്നത്. ആയതിനാൽ ഫീസിനത്തിൽ 2,22,32,700/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |
| (സി) | പ്രസ്തുത സാഹചര്യങ്ങൾ പഠിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമോ ? | (സി) | ചിട്ടി നിയമത്തിലെ ചില വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനും ഫീസ് നിരക്ക് പുതുക്കുന്നതിനുമുള്ള ശുപാർശകൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ